**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2072** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഇടുക്കിയുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് 12,000 കോടി രൂപയുടെ ഇടുക്കി പാക്കേജിൽ നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (എ) | ഇടുക്കി ജില്ലയുടെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി ജില്ലാ വികസന സമിതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകൾ, സഹകരണ മേഖല എന്നിവ സംയോജിപ്പിച്ച് കൊണ്ട് സമഗ്രമായ വികസനമാണ് സംസ്ഥാന സർക്കാർ ഇടുക്കി ജില്ലയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്. ഇതൊരു വിശാല ഇടുക്കി വികസന പാക്കേജാണ്. വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെ പാക്കേജിൽ നിർദ്ദേശിക്കുന്ന പദ്ധതികൾ ജില്ലാതലത്തിൽ എറ്റെടുക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷം മുതൽ (2022-23) 75 കോടി രൂപ ബജറ്റിൽ വകയിരുത്തി വരുന്നുണ്ട്.<br><br>2019-20 മുതൽ 2024-25 വരെ സാമ്പത്തികവർഷങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ മുഖേന 5963.80 കോടി രൂപയുടെ വിവിധ പദ്ധതികൾ ഇടുക്കി ജില്ലയ്ക്കായി നടപ്പിലാക്കുകയുണ്ടായി. മറ്റ് ഏജൻസികൾ മുഖേന ഇക്കാലയളവിൽ 2162.15 കോടി രൂപയുടെ പദ്ധതികളും നടപ്പിലാക്കി. ആകെ 8125.95 കോടി രൂപയുടെ പദ്ധതികൾ 2019-20 മുതൽ 2024-25 വരെ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഈ പാക്കേജിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ? | (ബി) | • പാക്കേജ് കാലയളവിൽ 1158.01 കോടി രൂപയുടെ പദ്ധതികൾ കെ.എസ്.ഇ.ബി വഴി നടത്തുകയുണ്ടായി അതിൽ 20 വലിയ പദ്ധതികൾ പൂർത്തിയാക്കുയുണ്ടായി. 21 പദ്ധതികൾ പൂർത്തീകരണഘട്ടത്തിലാണ്.<br>• 49.89 കോടി രൂപയുടെ പ്രവർത്തികൾ ഡി.ഐ.സി വഴി നടപ്പിലാക്കി.<br>• 463.37 കോടി രൂപയുടെ പ്രവർത്തികൾ പൊതുമരാമത്ത് (റോഡ്) വിഭാഗത്തിലൂടെ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി.<br>• 18 കോടി രൂപയുടെ പദ്ധതികൾ കിൻഫ്രയിലൂടെ നടപ്പിലാക്കി.<br>• വിവിധ വകുപ്പുകളുടെ പദ്ധതി സംയോജനത്തിലൂടെ 3491.08 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കി.<br>• തദ്ദേശ സ്വയംഭരണ സ്ഥാനപനങ്ങൾക്കായി അനുവദിച്ച ബജറ്റ് വിഹിതം ഉൾപ്പെടെ 2945.60 കോടി രൂപയുടെ വിവിധ പദ്ധതികൾ ജില്ലയിൽ നടപ്പിലാക്കി.<br><br>വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ വിശാല ഇടുക്കി വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളാണ് മേല്പറഞ്ഞവ. |

സെക്ഷൻ ഓഫീസർ